# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നിലമേൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P3/1636/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 31/10/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നിലമേൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നിലമേൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നിലമേൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P3/1636/2023 തീയ്യതി: 31/10/2023

## കൊല്ലം ജില്ലയിലെ നിലമേൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ നിലമേൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-10-2022 മുതൽ 10-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 11-10-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ അനിൽകുമാർ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 11-09-2023 | 19-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 11-09-2023 | 19-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സജികുമാർ ജി(ഓഡിറ്റ് ഓഫീസർ ഹ.ഗ്രേ)

ശ്രീ. അരുൺകുമാർ എ (അസി.ഓഡിറ്റ് ഓഫീസർ)

ശ്രീ. രാജൻ വി ഡി (സീനിയർ ഗ്രേഡ് ഓഡിറ്റർ)

ശ്രീമതി ജയകുമാരിഅമ്മ (സീനിയർ ഗ്രേഡ് ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. വിനീത വി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പ്രഭാകരൻപിള്ള ജി | സെക്രട്ടറി | 01-04-2022 | 31-05-2022 |
| ശ്രീ.ജെ മധുസൂദനൻ ഉണ്ണിത്താൻ | സെക്രട്ടറി | 01-06-2022 | 14-10-2022 |
| ശ്രീ.മുഹമ്മദ് റിസ | സെക്രട്ടറി | 15-10-2022 | 31-03-2023 |
| ശ്രീ.പ്രവീൺ എസ് | അസി.സെക്രട്ടറി | 01-04-2022 | 23-04-2022 |
| ശ്രീ.ഉണ്ണിക്കൃഷ്ണൻ കെ | അസി.സെക്രട്ടറി | 24-04-2022 | 01-11-2022 |
| ശ്രീ.സന്തോഷ് പി | അസി.സെക്രട്ടറി | 01-11-2022 | 31-03-2023 |
| ശ്രീമതി. എസ്. രാജലക്ഷ്മി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി രാജിഷ യു ആർ | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീമതി വിജിചന്ദ്രൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 23-08-2022 |
| ശ്രീമതി റഹീന എ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 24-08-2022 | 31-12-2022 |
| ശ്രീമതി ശാന്തിനി ബി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-01-2023 | 31-03-2023 |
| ശ്രീ ശശി കെ | മെഡിക്കൽ ഓഫീസർ സിഎച്ച് സി നിലമേൽ | 01-04-2022 | 31-03-2023 |
| ഡോ.ലക്ഷ്മി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ.സിമി റബേക്ക ജോസഫ് | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ.നസീം എം | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.അജീഷ് കുമാർ ബി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ.സജീവ് പി | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീ.ഷെമീർ എച്ച് എസ് | അക്രഡിറ്റഡ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |

ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല. | 1-1.1 |
| 3 | ട്രഷറി പേയ്മെന്റ് ആകാത്ത ബില്ലുകൾ Web Saankhya ACR ൽ നിന്നും ഒഴിവാക്കിയില്ല. | 1-1.2 |
| 4 | ബാങ്ക് റീക്കൺസിലിയേഷൻ പത്രിക തയ്യാറാക്കിയില്ല. | 1-1.3 |
| 5 | വാർഷികകണക്കുകളിലേയും രജിസ്റ്ററിലേയും തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1.4 |
| 6 | വാർഷികക്കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-1.5 |
| 7 | നിക്ഷേപ പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല. | 1-1.6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 10 | ഫണ്ട് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമ പദ്ധതികൾ | 1-7 |
| 14 | ക്യാഷ് പരിശോധന | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 17 | വാടക ഈടാക്കിയതിൽ കുറവ്. | 1-11 |
| 18 | റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നില്ല. | 1-12 |
| 19 | ഇലക്ട്രിക്ക് പോസ്റ്റ് മറ്റി സ്ഥാപിക്കൽ - പൂർത്തീകരണ /വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-13 |
| 20 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | 1-14 |
| 21 | വീടുകൾ വാസയോഗ്യമാക്കൽ - പദ്ധതി പൂർണ്ണമായില്ല - ചെലവ് തടസ്സപ്പെടുത്തുന്നു | 1-15 |
| 22 | പാലിയേറ്റീവ് കെയർ പദ്ധതി -KMSCL ൽ നിന്ന് മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 1-16 |
| 23 | ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല. 1,25,455/- രൂപയുടെ | 1-17 |

| | | |
|---|---|---|
| | ചെലവ് തടസ്സപ്പെടുത്തുന്നു | |
| 24 | O.D.F. - കക്കൂസ് നിർമ്മാണം ഒന്നാം ഗഡു കൈപ്പറ്റിയെങ്കിലും പണി പൂർത്തിയാക്കില്ല. | 1-18 |
| 25 | ലൈഫ് ഭവനപദ്ധതി - ഒന്നാം ഗഡു കൈപ്പറ്റിയെങ്കിലും പണി ആരംഭിച്ചില്ല. | 1-19 |
| 26 | ഇൻഷ്വറൻസ് കവറേജ് എടുക്കാത്ത മരാമത്ത് പ്രവൃത്തികളിൽ പിഴ ഈടാക്കിയില്ല. | 1-20 |
| 27 | Compensation For Delay/Liquidated Charges ഈടാക്കിയില്ല | 1-21 |
| 28 | ഹരിത കർമ്മസേനയ്ക്ക് ഇലക്ട്രിക് വാഹനം (40/23) - ലഭ്യമായത് ഉപയോഗപ്രദമല്ലാത്ത വാഹനം | 1-22 |
| 29 | കുഴൽകിണർ നിർമ്മാണം - പൂർത്തീകരണ /വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-23 |
| 30 | ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയ തുക തിരികെ ഈടാക്കിയില്ല | 1-24 |
| 31 | MGNREGS - മെറ്റീരിയൽ പ്രവൃത്തികളിൽ ജി.എസ്.റ്റി. റ്റി.ഡി.എസ് ആയി കുറവ് ചെയ്ത തുക ജി.എസ്.റ്റി.വകുപ്പിൽ ഒടുക്കു വരുത്തേണ്ടതാണ്. | 1-25 |
| 32 | ഹരിതകർമ്മസേന - പ്രവർത്തന റിപ്പോർട്ട് | 1-26 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | അനുബന്ധ പത്രികകൾ |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4), കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 എന്നിവയും സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളും അനുസരിച്ച് തയ്യാറാക്കിയ നിലമേൽ ഗ്രാമപഞ്ചായത്തിന്റെ 31.03.2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, നിർദ്ദിഷ്ട അനുബന്ധ ഫോറങ്ങളും 07-07-2023 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 3(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് 19-07-2023 ൽ ഓഡിറ്റിന് സമർപ്പിച്ചത് ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തത്തിൽ തയ്യാറാക്കിയ ഈ അക്കൗണ്ടുകളിന്മേൽ, ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി അഭിപ്രായം രേഖപ്പെടുത്തുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനായി C&AG പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഓഡിറ്റിംഗ് സ്റ്റാന്റേർഡുകളും അനുസരിച്ചാണ് ഞാൻ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളില്ലാത്തതാണ് എന്ന് ന്യായമായും ഉറപ്പ് വരുത്തുന്ന തരത്തിൽ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നിർവ്വഹിക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകൾക്കും വെളിപ്പെടുത്തലുകൾക്കും അടിസ്ഥാനമായ തെളിവുകൾ പരിശോധിക്കുന്നതും, ഉപയോഗിച്ചിരിക്കുന്ന അക്കൗണ്ടിംഗ് തത്വങ്ങളുടെയും തയ്യാറാക്കിയിരിക്കുന്ന പ്രസക്തമായ എസ്റ്റിമേറ്റുകളുടെയും വിലയിരുത്തലും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണത്തിന്റെ വിലയിരുത്തലും ഓഡിറ്റിൽ നിർവ്വഹിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭ്യമായതുമായ വിവരങ്ങളെയും വിശദീകരണങ്ങളെയും അടിസ്ഥാനമാക്കിയും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി ലഭിച്ച പരമാവധി വിവരങ്ങളുടെ അടിസ്ഥാനത്തിലും, അവയിന്മേൽ നൽകപ്പെട്ട വിശദീകരണങ്ങൾ പരിഗണിച്ചും അനുബന്ധ റിപ്പോർട്ടിലെ നിരീക്ഷണങ്ങൾക്ക് വിധേയമായും ഞാൻ താഴെ പറയും പ്രകാരം സാക്ഷ്യപ്പെടുത്തുന്നു.
വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം.
അനുബന്ധ റിപ്പോർട്ടിലെ വിശേഷണങ്ങളോടു കൂടിയ അഭിപ്രായത്തിന് ആധാരമായി വിവരിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, നിലമേൽ ഗ്രാമപഞ്ചായത്തിന്റെ 2022-23 ലെ വാർഷിക ധനകാര്യ പത്രികകൾ സാമ്പത്തിക നിലയെക്കുറിച്ചും സാമ്പത്തിക ഫലത്തെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

#### 1-1.1 വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല.

റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ.

#### 1-1.2 ട്രഷറി പേയ്മെന്റ് ആകാത്ത ബില്ലുകൾ Web Saankhya ACR ൽ നിന്നും ഒഴിവാക്കിയില്ല.

2022-23 ൽ വിവിധ ഫണ്ടുകളിൽ നിന്നും പേയ്മെന്റ് നൽകുന്നതിനായി ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളതും എന്നാൽ 2022-23 ൽ പേയ്മെന്റ് ആകാത്തതുമായ ബില്ലുകൾ അതാത് ഫണ്ടുകളുടെ ACR ൽ നിന്നും ഒഴിവാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.
വികസനഫണ്ട് - ജനറൽ -പ്രോജക്ട് നം .3/23 – 1,31,710/-രൂപ (ബിൽ നം./തീയതി 358/28.3.23).

#### 1-1.3 ബാങ്ക് റീക്കൺസിലിയേഷൻ പത്രിക തയ്യാറാക്കിയില്ല.

RP-40(b) പ്രകാരമുള്ള ചുവടെപ്പറയുന്ന ബാങ്ക് അക്കൗണ്ടുകളുടെ റീക്കൺസിലിയേഷൻ പത്രിക ഹാജരാക്കിയില്ല .

SBI - Total Sanitation (A/c No.4946) – ₹55,661/-

Sub Treasury (A/c No.0001) – ₹6,162/-

SBT ((A/c No.57032302162) – ₹4,29,019/-

## 1-1.4 വാർഷികകണക്കുകളിലേയും രജിസ്റ്ററിലേയും തുകകൾ പൊരുത്തപ്പെടുന്നില്ല

വാടക രജിസ്റ്ററിലെ വരവ്, നീക്കിയിരുപ്പ് തുകകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

## 1-1.5 വാർഷികക്കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ

## 1-1.6 നിക്ഷേപ പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

തൻവർഷം KSEB-യിൽ നിക്ഷേപിച്ച വിനിയോഗിക്കാൻ അവശേഷിക്കുന്ന തുകയുടെ വിവരം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

പോസ്റ്റ് ഷിഫ്റ്റിംഗ് (38/23) – ₹73,340/-

പോസ്റ്റ് ഷിഫ്റ്റിംഗ് (135/23) – ₹48,489/-

## 1-2 ബജറ്റ്

24-03-2022 ലെ 1(1) നമ്പർ തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 22-03-2023 ലെ 1(1) നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹2,10,53,853/- |
| വരവ് | ₹3,90,66,695/- |
| ആകെ | ₹6,01,20,548/- |
| ചെലവ് | ₹4,35,14,899/- |
| നീക്കിയിരിപ്പ് | ₹1,66,05,649/- |
| വരവ് നഷ്ടം | ഇല്ല |
| ചെലവ് നഷ്ടം | ₹79,294/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹5,64,352/- |

വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ ട്രഷറി അക്കൗണ്ടിലെ വരവ് ചെലവുകൾ ആർ & പി സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്താത്തതിനാൽ സാമ്പത്തിക വിശകലനത്തിലും ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി. (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | സി.ബി. (₹) |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 12020000/- | 12020000/- | 1888290/- | 131710/- |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 4894000/- | 4894000/- | 4894000/- | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 14417000/- | 14417000/- | 11624787/- | 2792213/- |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4570000/- | 4570000/- | 4103323/- | 466677/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ( Tied-Bank) (ACR പ്രകാരം) | 2268365/- | 3183000/- | 5451365/- | 893803/- | 4557562/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied-Bank) (ACR പ്രകാരം) | 861856/- | 2290308 /- (2122000+ 168308 (Interest)) | 3152164/- | 2351375/- | 800789/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied-Treasury) (ACR പ്രകാരം) | 0 | 625823/- | 625823/- | 529304/- | 96519/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied-Treasury) (ACR പ്രകാരം) | 0 | 1031/- | 1031/- | - | 1031/- |
| ബി-ഫണ്ട് | - | 303720/- | 303720/- | 303720/- | - |
| സാക്ഷരത | 1061/- | - | 1061/- | - | 1061/- |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | |
| ICDS | 184238/- | 1174388/- | 1358626/- | 821134/- | 537492/- |
| TSC | 2412807/- (2112807+ 299567) | - | 2412807/- | 2269567/- | 142807/- |
| MGNREGS | 58839/- | 984850/- | 1043689/- | 1043383/- | 306/- |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | |
| ലൈഫ് -സ്റ്റേറ്റ് ഷെയർ | 5850000/- | 1900000/- | 7750000/- | 5400000/- | 2350000/- |
| ആയുഷ് ഹെൽത്ത് വെൽനെസ്സ് സെന്റർ | - | 150818/- | 150818/- | 40000/- | 110818/- |
| NIRMAL AWARD | 500000/- | - | 500000/- | - | 500000/- |
| ശുചിത്വ മിഷൻ | 930699/- | - | 930699/- | 530000/- | 400699/- |
| ഹെൽത്ത് ഗ്രാന്റ് | - | 321723/- | 321723/- | - | 321723/- |

* വികസനഫണ്ട് (ജനറൽ) – പ്രോജക്റ്റ് നം. 3/23 പ്രകാരം ട്രഷറിയിൽ നൽകിയ 1,31,710/-രൂപ പേയ്മെന്റ് ആയിട്ടില്ല.

** സി.എഫ്.സി. (ടൈഡ്) (ബാങ്ക് & ട്രഷറി) - ലഡ്ജർ പ്രകാരമുള്ള ആകെ ചെലവ് – 14,23,107/-രൂപയാണ് (893803 + 529304). ആയത് എ.സി.ആർ. പ്രകാരമുള്ള ചെലവുമായി (21,58,377/-രൂപ) പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 185 | 10,79,88,690/- | 128 | 5,96,58,368/- | 7 | 50 | 69% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 58,839/- | 9,84,850/- | 10,43,689/- | 10,43,383/- | 306/- |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 3,09,67,310/- | 3,09,67,310/- | 3,09,67,310/- | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) |
|---|---|
| തൊഴിൽരഹിത വേതനം | 63,720/- |
| കർഷകതൊഴിലാളി പെൻഷൻ | 12,08,400/- |
| വിധവാ പെൻഷൻ | 1,00,15,300/- |
| വാർദ്ധക്യകാല പെൻഷൻ | 1,70,15,700/- |
| വികലാംഗ പെൻഷൻ | 27,18,800/- |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 44,800/- |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 2,40,000/- |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.09.2023 ന് 12.30 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3644/- രൂപ (ക്യാഷ് ), 11,150/-രൂപ (Cheque) ന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

*ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ 30.08.2021 വരെ സാംഖ്യ രസീത് നൽകി സ്വീകരിച്ചു. തുടർന്ന് ILGMS മുഖേന വരവുകൾ സ്വീകരിച്ചുവരുന്നു. വൗച്ചറുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിക്കുന്നുണ്ട്.

*ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി കൃത്യതയുള്ളതും കാലികവുമാക്കി സൂക്ഷിക്കേണ്ടതാണ്.

*റോഡ് കണക്ടിവിറ്റി പ്ലാൻ, സോഷ്യൽമാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

*ഹരിതകർമസേന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാകേണ്ടതുണ്ട്. സേനാംഗങ്ങളുടെ ക്ഷേമം ഉറപ്പാക്കും വിധമുള്ള ഭൗതിക സാഹചര്യങ്ങൾ അടിയന്തിരമായി സജ്ജമാക്കേണ്ടതാണ്.

*1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക 1-ലെ ക്രമ നം-149 പ്രകാരം റീട്ടയിൽ റേഷൻ ഡിപ്പോകൾ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുക്കേണ്ടതാണ്. എല്ലാ റേഷൻകടകളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതാണ്.

*രജിസ്റ്ററുകളും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസിനായി സമർപ്പിക്കുന്ന എല്ലാ അപേക്ഷകളിലും മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപനങ്ങളെ മൈക്രോ, മിനി, മീഡിയം, ലാർജ് എന്നിങ്ങനെ തരം തിരിക്കുകയും ഉൽപ്പാദനം, സേവനം എന്നിങ്ങനെ മേഖല തിരിച്ച് മൂലധന നിക്ഷേപം രേഖപ്പെടുത്തി ആയതിന് അനുസൃതമയി ഫീസ് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.10.2018 – 09.11.2018 | 2017-18 | 06.12.2018 |

## 1-11 വാടക ഈടാക്കിയതിൽ കുറവ്.

2022-23 ലെ വാടക രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ മാർക്കറ്റ് സ്റ്റാൾ റൂം നം. 5 സപ്ലൈക്കോ ജനറൽ മാനേജർക്ക് 31,932/- രൂപ നിരക്കിൽ മാസവാടകയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ 4/22 മുതൽ 2/23 വരെ 30,411/- രൂപ വീതമാണ് എല്ലാ മാസവും ഈടാക്കി വരുന്നത്. കൂടാതെ 3/23 ലെ വാടക ഈടാക്കിയിട്ടുമില്ല. വാടക കുറവായി ഈടാക്കിയതിന്റെ കാരണം വ്യക്തമാക്കുന്നതിനും എഗ്രിമെന്റ് രേഖകൾ

ഹാജരാക്കുന്നതിനുമായി നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. പുതുക്കിയ വാടക നിശ്ചയിച്ച് എഗ്രിമെന്റ് വച്ചതിന്റെ രേഖകൾ, കുടിശ്ശിക തുക ഈടാക്കിയതിന്റെ രേഖകൾ എന്നിവ ഹാജരാക്കേണ്ടതാണ്.

എൻക്വയറി നം. 5/16.9.23.

## 1-12 റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണവകുപ്പിന്റെ പൊതുവിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും, മാവേലി സ്റ്റോറുകളെയും ഉൾപ്പെടുത്തിയിട്ടുണ്ട് (പട്ടിക 1 ക്രമ നം. 149). എന്നാൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് റേഷൻകടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുണ്ട് എന്ന മറുപടി ലഭ്യമാക്കി. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ (സി.എസ്.)എ 9-764/2019 സർക്കുലർ പ്രകാരം റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ റേഷൻ കടകളെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 6/16.09.23

## 1-13 ഇലക്ട്രിക്ക് പോസ്റ്റ് മറ്റി സ്ഥാപിക്കൽ - പൂർത്തീകരണ /വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഇലക്ട്രിക്ക് പോസ്റ്റ് മറ്റി സ്ഥാപിക്കലുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന വൈദ്യുത ബോർഡിൽ ഒടുക്കുവരുത്തിയിട്ടുള്ള തുകകളുടെ പൂർത്തീകരണ /വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് | തുക സ്വീകരിച്ച സ്ഥാപനം | ചെലവഴിച്ച തുക (₹) | ചെക്ക് നം |
|---|---|---|---|---|
| 1 | പോസ്റ്റ് മറ്റി സ്ഥാപിക്കൽ (135/23)<br>അടങ്കൽ തുക – 50,000/-രൂപ<br>(തനത് ഫണ്ട്) | കെ.എസ്.ഇ.ബി.,<br>ചടയമംഗലം | 21,144/-<br>18,155/-<br>9,190/- | 762878/17-12-2022<br>153627/13-02-2023<br>153650/09-03-2023 |
| 2 | പോസ്റ്റ് മറ്റി സ്ഥാപിക്കൽ (38/23)<br>അടങ്കൽ തുക - 87305/-രൂപ<br>(തനത് ഫണ്ട്) | കെ.എസ് ഇബി,<br>ചടയമംഗലം<br>മടവൂർ | 51,485/-<br>12,193/-<br>9,662/- | 309819/04-04-2022<br>320570/29-07-2022<br>301083/20-07-2022 |
| | | ആകെ | 1,21,829/- | |

വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന പ്രവൃത്തികൾക്കായി ഒടുക്കു വരുത്തിയിട്ടുള്ള 1,21,829/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. : 11 തീയതി 18-09-2023.

തടസ്സപ്പെടുത്തുന്ന തുക : 1,21,829/-രൂപ.

## 1-14 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

2022-23 ലെ തൊഴിൽനികുതി രജിസ്റ്റർ, തൊഴിൽനികുതി സ്റ്റേറ്റുമെന്റുകൾ എന്നിവ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇൻഡസ് മോട്ടോഴ്സ്, നിലമേൽ എന്ന സ്ഥാപനത്തിന്റെ ഒന്നും രണ്ടും

വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ലായെന്ന ബോധ്യപ്പെട്ടു. തൊഴിൽനികുതി ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ടു നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. തൊഴിൽനികുതി ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 6/16.09.2023.

## 1-15 വീട്ടുകൾ വാസയോഗ്യമാക്കൽ - പദ്ധതി പൂർണ്ണമായില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

പദ്ധതി നമ്പർ – 48/2023 (വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ)
നിർവഹണം – വി ഇ ഒ
അടങ്കൽ തുക – 2,65,000/-രൂപ ( തനത് ഫണ്ട് )
ചെലവ് തുക – 1,42,000/-രൂപ

2021-22 ൽ പ്രോജക്ട് നമ്പർ 66/22 നമ്പരായി ഗുണഭോക്താവ് ഒന്നിന് 50,000/-രൂപ വീതം വകയിരുത്തി മുൻകൂറായി 25,000/-രൂപയും പ്രവൃത്തി പൂർത്തീകരിക്കുമ്പോൾ LSGD ഓവർസിയറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 25,000/-രൂപയും നൽകുന്ന തരത്തിലാണ് 'വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ' എന്ന പദ്ധതി വിഭാവനം ചെയ്തിരുന്നത്. എന്നാൽ 2021-22 ൽ പ്രവൃത്തി പൂർത്തീകരിക്കാൻ അവശേഷിക്കുന്നവർക്കായി 2022-23 ൽ സ്പിൽ ഓവർ പദ്ധതി ആസൂത്രണം ചെയ്തു. ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പ്രകാരം താഴെ പറയുന്ന ഗുണഭോക്താവ് ഒന്നാം ഗഡു കൈപ്പറ്റിയെങ്കിലും നാളിതുവരേയും പണി പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നം. | പേരും വിലാസവും | കൈപ്പറ്റിയ തുക (₹) |
|---|---|---|
| 1 | വസന്ത, ചരുവിള പുത്തൻവീട്, വെള്ളാംപാറ | 25,000/- (ബിൽ നം. 21/29-01-2022) |

പ്രവൃത്തി പൂർത്തീകരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം. : 2/13-9-23.

## 1-16 പാലിയേറ്റീവ് കെയർ പദ്ധതി -KMSCL ൽ നിന്ന് മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം തുക മുൻകൂറായി നൽകിയിട്ടും കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ/ഉപകരണങ്ങൾ പൂർണമായും ലഭ്യമായിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ ഫണ്ടിനം. | കെ.എം.എസ്.സി.എൽ-ന് നൽകിയ രൂപ/ ബിൽ നം., തീയതി. | പെർഫോമാ ഇൻവോയ്സ് നം/ തീയതി. | മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നത് (രൂപ) |
|---|---|---|---|
| 3/23,<br>പാലിയേറ്റീവ് കെയർ<br>വികസനഫണ്ട് (ജനറൽ)<br>ആകെ അടങ്കൽ – ₹7,11,800/- | തുക – ₹2,34,760/-<br>16/26.11.2022 | PRF-2262<br>15-11-2022 | 1,06,068/- |

വിശദ വിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് പ്രസ്തുത തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല എന്നും, ലഭ്യമാകുന്ന മുറയ്ക്ക് വിവരം അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

ആയതിനാൽ മരുന്ന് ലഭ്യമാക്കാൻ ബാക്കിയുള്ള 1,06,068/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭിയ്ക്കുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.
തടസ്സപ്പെടുത്തുന്ന തുക – 1,06,068/-രൂപ.
ഓഡിറ്റ് എൻക്വയറി നം. – 3 (A)/ 14-9-2023.

## 1-17 ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല. 1,25,455/- രൂപയുടെ ചെലവ്

തടസ്സപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി പ്രകാരം ഹോമിയോ മരുന്നുകൾ ലഭ്യമാക്കുന്നതിനായി ഹോംകോയ്ക്ക് തുക മുൻകൂറായി നൽകിയെങ്കിലും മരുന്നുകൾ പൂർണമായും ലഭ്യമായില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | അടങ്കൽ (₹) | ചെലവ് തുക (₹) | ബിൽ നം./തീയതി | ഹോംകോയ്ക്ക് നൽകിയ തുക (₹) | ലഭിക്കാൻ അവശേഷിക്കുന്നത് (₹) |
|---|---|---|---|---|---|
| 12/23 ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന വാങ്ങൽ | 3,00,000/- (മെയി. ഫണ്ട്- റോഡിതരം) | 3,00,000/- | 2/22-23/ 22-10-22 | 3,00,000/- | 1,25,455/- |

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരം അറിയിക്കുന്നതിന് നൽകിയ എൻക്വയറിക്ക് മുൻഗണനാക്രമത്തിൽ മരുന്നുകൾ ഹോംകോയിൽ നിന്നും നൽകുന്നതാണെന്ന് അറിയിച്ചതായി മറുപടി നൽകി. ലഭിക്കാനവശേഷിക്കുന്ന മരുന്നുകളുടെ തുകയായ 1,25,455/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക : 1,25,455 /-രൂപ.

ഓഡിറ്റ് എൻക്വയറി നം. : 3/13-9-23.

1-18 O.D.F. - കക്കൂസ് നിർമ്മാണം ഒന്നാം ഗഡു കൈപ്പറ്റിയെങ്കിലും പണി പൂർത്തിയാക്കില്ല.

പ്രോജക്ട് നം. - 49/23
വ്യക്തിഗത കക്കൂസ് നിർമ്മാണം. (സ്പിൽഓവർ)
അടങ്കൽ - ₹ 7,44,800/-
ആകെ ചെലവ് - ₹5,03,600/-
നിർവ്വഹണോദ്യോഗസ്ഥൻ – വി.ഇ.ഒ.

മേൽ പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് 15,400/-രൂപയാണ് പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് അനുവദിക്കുന്നത്. കക്കൂസ് നിർമ്മാണത്തിനായി അഡ്വാൻസ് തുക കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ പണി പൂർത്തിയാക്കി സാക്ഷ്യപത്രം ഹാജരാക്കിയില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ബിൽ നമ്പർ | നൽകിയ തുക(₹) | ലഭ്യമാക്കിയ മറുപടിയുടെ വിവരം |
|---|---|---|---|---|
| 1 | ഇന്ദിര, ലീലഭവൻ നിലമേൽ വാർഡ്- | ചെക്ക് നം. – 4505916/ 25.3.22 | 6,000/- | നാളിതുവരെ പണികൾ പൂർത്തീകരിച്ചിട്ടില്ല. രേഖാമൂലം പണി പൂർത്തീകരിക്കാൻ ആവശ്യപ്പെട്ടിട്ടുള്ളതാണെന്നും, പൂർത്തിയാക്കുന്ന മുറയ്ക്ക് രേഖകൾ സഹിതം അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. |
| 2 | കുഞ്ഞമ്മ, മുളവിളവീട് കൈതോട്. വാർഡ്- കൊമ്പില്ല മൂട് വാർഡ് | ചെക്ക് നം-758913/ 17.8.22 | 6,000/- | „ |
| 3 | നൗഫൽ, ഫസീലാമൻസിൽ വെള്ളരി വാർഡ് | ചെക്ക് നം- 758913/ 17.8.22 | 6,000/- | „ |
| 4 | വൽസല, മങ്കാട് | ചെക്ക് നം- | 6,000/- | പ്രസ്തുത ഗുണഭോക്താവ് മരണപ്പെട്ടുപോയി |

| | | | | |
|---|---|---|---|---|
| | വടക്കേകേക്കര വീട് മുരുക്കുമൺ വാർഡ്- | 758913/ 17.8.22 | | എന്നറിയിച്ചിട്ടുണ്ട്. |
| 5 | രമണി, കാരോട് പുത്തൻവീട്, നിലമേൽ | ചെക്ക് നം-597638/ 31.3.23 | 6,000/- | പണി പൂർത്തികരിച്ചു. രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് ബാലൻസ് തുക നൽകുന്നതാണ്. |

മേൽ ഗുണഭോക്താക്കളുടെ കക്കൂസ് നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം നൽകിയ തുക പിഴപലിശ സഹിതം തിരികെ ഈടാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. – 2/13.09.2023 .

## 1-19 ലൈഫ് ഭവനപദ്ധതി - ഒന്നാം ഗഡു കൈപ്പറ്റിയെങ്കിലും പണി ആരംഭിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നം | 132/23 |
| ആകെ അടങ്കൽ | 82,33,659/-രൂപ<br>(വികസനഫണ്ട് ജനറൽ - 8,73,659/-രൂപ,<br>സംസ്ഥാനാവിഷ്കൃതം – 18,00,000/-രൂപ,<br>ബ്ലോക്ക് പഞ്ചായത്ത് – 6,00,000/-രൂപ,<br>ജില്ലാ പഞ്ചായത്ത് – 10,00,000/രൂപ,<br>ലോൺ – 39,60,000/-രൂപ) |
| ആകെ ചെലവ് | 7,61,610/-രൂപ<br>(വികസനഫണ്ട് ജനറൽ - 3,61,610/-രൂപ,<br>ബ്ലോക്ക് പഞ്ചായത്ത് – 4,00,000/-രൂപ) |

വി.ഇ.ഒ. നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ഭവനരഹിതർക്ക് വീട് എന്ന ലക്ഷ്യം പൂർത്തീകരിക്കാനായി ആവിഷ്കരിച്ച ലൈഫ് ഭവനപദ്ധതിയുടെ താഴെ പറയുന്ന ഗുണഭോക്താവ് ആദ്യ ഗഡു തുക കൈപ്പറ്റിയെങ്കിലും പണി ആരംഭിച്ചിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവ് | കൈപ്പറ്റിയ തുക (₹), ചെക്ക് നം/തീയതി |
|---|---|---|
| 1 | മണി.സി, പ്ലാച്ചിയോട്, കുന്നും പുറത്ത് വീട്, വാർഡ് -9 | 40,000/-, ബിൽ നം-9/28-2-23 |

പണി പൂർത്തിയാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നേരിട്ടുള്ള അന്വേഷണത്തിൽ പണി ആരംഭിച്ചിട്ടുള്ളതായി മറുപടി ലഭ്യമാക്കി. പണി പൂർത്തിയാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ - 2/13-9-2023.

## 1-20 ഇൻഷ്വറൻസ് കവറേജ് എടുക്കാത്ത മരാമത്ത് പ്രവൃത്തികളിൽ പിഴ ഈടാക്കിയില്ല.

ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രവൃത്തികളിൽ അംഗീകരിച്ച ടെണ്ടർ സംബന്ധിച്ച വിവരം ബന്ധപ്പെട്ട കരാറുകാരനെ അറിയിക്കുന്ന കത്തിലെ (Letter Of Acceptance) വ്യവസ്ഥ 6 പ്രകാരം കരാറുകാരൻ ഇൻഷ്വറൻസ് കവറേജ് എടുക്കേണ്ടതാണ്. ഇപ്രകാരം ചെയ്യാത്ത കരാറുകാരനിൽ നിന്നും കരാർ തുകയുടെ 0.2% തുക കുറവ് വരുത്തുന്നതുമാണ്. എന്നാൽ താഴെ കൊടുത്തിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ ഇൻഷ്വറൻസ് രേഖകൾ ഹാജരാക്കുകയോ പിഴ തുക ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | പ്രവൃത്തി | കരാറുകാരൻ | കരാർ തുക (₹) | പിഴ തുക (₹) |
|---|---|---|---|---|
| 1 | എലിക്കുന്നമുകൾ പൂവ്വത്തൂർ റോഡ് റീടാറിംഗും ഐറിഷ് ഓട നിർമ്മാണവും (141/23) | ശ്രീ. ജെ. സുനിൽദത്ത് | 9,52,125/- | 1,904/- |
| 2 | നെട്ടയം റോഡ് മെയിന്റനൻസും പാർശ്വ ഭിത്തിനിർമ്മാണവും (148/23) | ശ്രീ. ജെ. സുനിൽദത്ത് | 9,31,540/- | 1,863/- |
| 3 | വേയ്ക്കൽ പുള്ളിപ്പച്ച കാവൂർക്കോണം റോഡ് റീ | ശ്രീ. ജെ. സുനിൽദത്ത് | 7,55,445/- | 1,511/- |

| | | | | |
|---|---|---|---|---|
| | ടാറിംഗും ഐറിഷ് ഓട നിർമ്മാണവും | | | |
| 4 | വാര്യവീട് പെരിഞ്ചറക്കോണം റോഡ് റീ കോൺക്രീറ്റിംഗും ഐറിഷ് ഓട നിർമ്മാണവും | ശ്രീ. ജെ. സുനിൽദത്ത് | 3,50,975/- | 702/- |
| | | | | 5,980/- |

പിഴ തുക ഈടാക്കാത്തതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 15-09-2023 ൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം -04) മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. : 04 / 15-09-2023.

## 1-21 Compensation For Delay/Liquidated Charges ഈടാക്കിയില്ല

കരാറുകാർ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്ത സാഹചര്യത്തിൽ Kerala Public Work Manual 2012 (G.O.(P) No 13/2012/PWD, Dt 01-02-2012) സെക്ഷൻ2116.1 പ്രകാരം Compensation For Delay/Liquidated Charges (പി.എ.സി. തുകയുടെ 0.1% തുക വൈകിയ ഓരോ ആഴ്ചയ്ക്കും എന്ന കണക്കിൽ) ഇനത്തിൽ പിഴ അന്തിമ ബില്ലിൽനിന്നും ഈടാക്കി മാത്രമേ കരാറുകാരന് തുക നൽകുവാൻ അനുവാദമുള്ളൂ. താഴെ കൊടുത്തിട്ടുള്ള പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി കൃത്യമായ കാരണങ്ങൾ രേഖപ്പെടുത്തി കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ദീർഘിപ്പിച്ച് നൽകിയതായി കാണുന്നില്ല. അവസാന ബിൽ നൽകിയപ്പോൾ ചട്ട പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

(I)

| | |
|---|---|
| പ്രോജക്റ്റ് | ടേക്ക് എ ബ്രേക്ക് പദ്ധതിക്ക് അടിസ്ഥാന സൗകര്യമൊരുക്കൽ (65/23) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |
| അടങ്കൽ തുക | ₹ 35,00,000/-<br>(സംസ്ഥാന വിഹിതം – ₹25,00,000/-,<br>കേന്ദ്രവിഹിതം – ₹9,15,143/-,<br>തനത് ഫണ്ട് – ₹84,857/-) |
| കരാറുകാരൻ | ശ്രീ. ജെ. സുനിൽദത്ത് |
| കരാർ | 45/AE/LSGD/NML/2021-22/, 06-01-2022 |
| അന്തിമ ബിൽ തുക | ₹19,70,000/- (ചെക്ക് നം153658, തീ. 20-03-2023) |
| കരാർ തുക | ₹25,56,844/- |
| പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം | 5 മാസം |
| പ്രവൃത്തി ആരംഭിച്ച തീയതി | 11-04-2022 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 28-12-2022 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | 10-09-2022 |
| വൈകിയ കാലയളവ് | 109 ദിവസം |
| ഈടാക്കേണ്ടുന്ന പിഴ | (2556844 X .1% X 109/7) = ₹39,814/- |
| ഈടാക്കിയ പിഴ | 0 |
| ഈടാക്കിയതിൽ കുറവ് വന്ന തുക | ₹39,814/- |

(2)

| | |
|---|---|
| പ്രോജക്റ്റ് | വിവിധ അംഗനവാടികളുടെ മെയിന്റനൻസ് (72/23) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |
| അടങ്കൽ തുക | ₹ 11,76,000/- (സംരക്ഷണ ഗ്രാന്റ് റോഡിതരം) |
| കരാറുകാരൻ | ശ്രീ. ആർ രാജൻ |

| | |
|---|---|
| കരാർ | 71/AE/LSGD/NML/2021-22/, 30-03-2022 |
| അന്തിമ ബിൽ തുക | ₹2,06,709/-, ബിൽനം 13,29-01-2023 |
| കരാർ തുക | ₹9,20,700/- |
| പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം | 6 മാസം |
| പ്രവൃത്തി ആരംഭിച്ച തീയതി | 31-03-2022 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 01-11-2022 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | 30-09-2022 |
| വൈകിയ കാലയളവ് | 32 ദിവസം |
| ഈടാക്കേണ്ടുന്ന പിഴ | (920700 X .1% X 32/7) = ₹4,209/- |
| ഈടാക്കിയ പിഴ | ₹1,597/- |
| ഈടാക്കിയതിൽ കുറവ് വന്ന തുക | ₹2,612/- |

(3)

| | |
|---|---|
| പ്രോജക്ട് | മാർക്കറ്റ് നവീകരണം (52/23) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |
| അടങ്കൽ തുക | ₹ 4,12,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| കരാറുകാരൻ | ശ്രീ. ജയഭദ്രൻ |
| കരാർ | 55/AE/LSGD/NML/2021-22/, 02-11-2020 |
| അന്തിമ ബിൽ തുക | ₹27,187/-, എ.സി.ആർ. ബിൽ നം. 392, തീ 30-03-2023 |
| കരാർ തുക | ₹3,64,786.33 |
| പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം | 4 മാസം |
| പ്രവൃത്തി ആരംഭിച്ച തീയതി | 11-11-2020 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 17-02-2023 |
| കരാർ പ്രകാരം പൂര്ത്തീകരിക്കേണ്ട തീയതി | 10-03-2021 |
| വൈകിയ കാലയളവ് | 710 ദിവസം |
| ഈടാക്കേണ്ടുന്ന പിഴ | (364786.33 X.1% X 710/7)= ₹36,479/- (പരമാവധി 10%) |
| ഈടാക്കിയ പിഴ | ₹2,281/- |
| ഈടാക്കിയതിൽ കുറവ് വന്ന തുക | ₹34,198/- |

(4)

| | |
|---|---|
| പ്രോജക്ട് | നിലവിലുള്ള കുടിവെള്ള പദ്ധതികളുടെ മെയിന്റനൻസ് (65/23) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |
| അടങ്കൽ തുക | ₹ 2,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് – ₹1,36,400/-, തനത് ഫണ്ട് – ₹63,600/-) |
| കരാറുകാരൻ | ശ്രീ. വി ഗോപകുമാർ |
| കരാർ | 68/AE/LSGD/NML/2021-22/, 06-01-2022 |
| അന്തിമ ബിൽ തുക | ₹58,003/- ചെക്ക് നം 597641 തീ 31-03-2023 |
| കരാർ തുക | ₹1,76,753/- |
| പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം | 4 മാസം |

| | |
|---|---|
| പ്രവൃത്തി ആരംഭിച്ച തീയതി | 21-03-2022 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 27-03-2023 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | 20-07-2022 |
| വൈകിയ കാലയളവ് | 250 ദിവസം |
| ഈടാക്കേണ്ടുന്ന പിഴ | (176753 X .1% X 250/7) = ₹6,313/- |
| ഈടാക്കിയ പിഴ | ₹3,643/- |
| ഈടാക്കിയതിൽ കുറവ് വന്ന തുക | ₹2,670/- |

ക്രമപ്രകാരമുള്ള പിഴ ഈടാക്കാത്തതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 04, തീ. 15-09-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. 4 പ്രവൃത്തികളിലായി പിഴ ഇനത്തിൽ ഈടാക്കേണ്ടുന്ന തുക 79,294/- രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം. 04, തീ. 15-09-2023.

## 1-22 ഹരിത കർമ്മസേനയ്ക്ക് ഇലക്ട്രിക് വാഹനം (40/23) - ലഭ്യമായത് ഉപയോഗപ്രദമല്ലാത്ത വാഹനം

| | |
|---|---|
| പ്രോജക്ട് | ഹരിത കർമ്മസേനയ്ക്ക് ഇലക്ട്രിക്കലി ഓപ്പറേറ്റഡ് വെഹിക്കിൾ വാങ്ങൽ (40/23) |
| അടങ്കൽ തുക | ₹4,97,000/- (കേന്ദ്രാവിഷ്കൃതം – ₹2,99,567/-, തനത് ഫണ്ട് – ₹1,97,433/-) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

17-01-2023 ലെ പഞ്ചായത്ത് കമ്മറ്റിയുടെ 1(2) തീരുമാനപ്രകാരം ഇലക്ട്രിക്ക് ഓട്ടോ വാങ്ങുന്നതിന് Gem Portal മുഖേന Bidding ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ തുകയായ 4,97,000/- രൂപ രേഖപ്പെടുത്തിയ ഫ്ലോറന്റ് ടെക്നോളജീസ് എന്ന ഡീലറിന്റെ ഇൻവോയിസ് അംഗീകരിച്ചു.കേന്ദ്രാവിഷ്കൃത വിഹിതം 2,99,567/- രൂപയും തനത് ഫണ്ട് വിഹിതം 1,97,433/- രൂപയും ഉൾപ്പെടെ 4,97,000/- രൂപ ചെലവഴിച്ച് വാഹനം വാങ്ങി.

ഫയലുകൾ പരിശോധിച്ചതിൽ 03-07-2023 ൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി S0040/2022-23/SC1 കത്ത് മുഖേന തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിക്ക് നൽകിയിട്ടുള്ള കത്തിൽ Gem Portal മുഖേന വാഹനം വാങ്ങിയതിനാൽ വാഹനത്തിന്റെ ക്ഷമത മുൻകൂട്ടി പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ലെന്നും, നിലവിലെ ഗ്രാമപഞ്ചായത്തിലെ ആവശ്യങ്ങൾക്ക് ഉപയോഗപ്രദമല്ലാത്ത വാഹനമാണ് ഏജൻസി ഗ്രാമ പഞ്ചായത്തിൽ എത്തിച്ച നൽകിയിട്ടുള്ളതെന്നും, ഇപ്രകാരം ഒരു വാഹനം നൽകി ഏജൻസി ഗ്രാമ പഞ്ചായത്തിനെ കബളിപ്പിക്കുകയാണ് ചെയ്തിരിക്കുന്നതെന്നും, ഏജൻസിയുടെ നടപടി പരിശോധിച്ച് ക്ഷമതയില്ലാത്ത വാഹനം തിരിച്ചെടുത്ത് ഉപയോഗപ്രദമായ ഒരു വാഹനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

ഉപയോഗപ്രദമല്ലാത്ത വാഹനം മാറ്റി പുതിയ വാഹനം ലഭ്യമായിട്ടുണ്ടോയെന്നും, നിലവിൽ ഫലപ്രദമായ രീതിയിൽ വാഹനം ഉപയോഗിക്കുവാൻ കഴിയുന്നുണ്ടോയെന്നും ഗ്രാമ പഞ്ചായത്തിനെ കബളിപ്പിച്ച ഏജൻസിക്കെതിരേ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 7, 16-09-2023) ടി വാഹനത്തിന്റെ കപ്പാസിറ്റി 1000 ആയിരുന്നത് 1500 ആയി ഏജൻസി വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ടെന്നും ആയതിനാൽ വാഹനം നിലവിൽ ഉപയോഗപ്രദമാണെന്നും, നിലവിൽ പുതിയ വാഹനം ലഭ്യമാക്കുന്നതിന്റെയോ, വാഹനം നൽകിയ ഏജൻസിക്കെതിരേ നിയമനടപടികൾ സ്വീകരിക്കേണ്ടതിന്റെയോ ആവശ്യകത ഇല്ലെന്നും മറുപടി നൽകി. ഭാവിയിൽ ഇത്തരം അപാകതകൾ സംഭവിക്കാതെ വാങ്ങൽ നടപടികൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം. 7/16-09-2023.

## 1-23 കുഴൽകിണർ നിർമ്മാണം - പൂർത്തീകരണ /വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗനവാടികൾക്ക് കുഴൽകിണർ നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂജല വകുപ്പിൽ ഒടുക്കുവരുത്തിയ തുകകളുടെ പൂർത്തീകരണ /വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് | തുക സ്വീകരിച്ച സ്ഥാപനം | തുക (₹) | ബിൽ നം./ തീയതി |
|---|---|---|---|---|
| 1 | വെള്ളരി അംഗനവാടിക്ക് കുഴൽകിണർ നിർമ്മാണവും അനുബന്ധ സൗകര്യങ്ങളും അടങ്കൽ തുക-2,00,000 (ധ. ക. ഗ്രാന്റ്) | ജില്ലാ ഓഫീസർ, ഭൂജല വകുപ്പ് കൊല്ലം | 1,00,000/- | 364/ 28-03-2023 |
| 2 | നെട്ടയം അംഗനവാടിക്ക് കുഴൽകിണർ നിർമ്മാണവും അനുബന്ധ സൗകര്യങ്ങളും അടങ്കൽ തുക-2,38,685 (ധ. ക. ഗ്രാന്റ്) | ജില്ലാ ഓഫീസർ, ഭൂജല വകുപ്പ് കൊല്ലം | 1,11,000/- | 365/ 28-03-2023 |
| | | ആകെ | 2,11,000/- | |

ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 07 തീ. 16-09-2023) പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കിക്കൊള്ളാമെന്ന് മറുപടി നൽകി. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഭൂജല വകുപ്പിൽ ഒടുക്കുവരുത്തിയ 2,11,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് അന്വേഷണം നം. – 07/16-09-2023.

തടസ്സപ്പെടുത്തിയ തുക – 2,11,000/- രൂപ.

## 1-24 ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയ തുക തിരികെ ഈടാക്കിയില്ല

വാർഷിക ധനകാര്യപത്രിക B-18 ഷെഡ്യൂളിൽ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 12,000/- രൂപ ഉൾപ്പെട്ടിട്ടുണ്ട്. 2022-23 ൽ ശ്രീമതി. റീന പി, ക്ലർക്കിന് ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയ തുകയാണ് നാളിതുവരെ തിരികെ ഈടാക്കാതെ അവശേഷിക്കുന്നത്. ആയത് ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. തുക ഈടാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 13 /19.09.23

## 1-25 MGNREGS - മെറ്റീരിയൽ പ്രവൃത്തികളിൽ ജി.എസ്.റ്റി. റ്റി.ഡി.എസ് ആയി കുറവ് ചെയ്ത തുക ജി.എസ്.റ്റി.വകുപ്പിൽ ഒടുക്ക വരുത്തേണ്ടതാണ്.

2017-ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം. 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ കൂടുതലായി കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. 30.07.2019 ലെ സർക്കുലർ നം. 957/ഇ.ജി.എസ്.സി/16/ആർ.ഇ.ജി.എസ്. പ്രകാരം തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വാങ്ങുന്ന സാധന സാമഗ്രികളുടെ കരാർ തുക 2.5 ലക്ഷത്തിനുമേൽ ആണെങ്കിൽ ജി.എസ്.ടി. 2% ഉത്ഭവത്തിൽ കുറവ് ചെയ്യണമെന്ന് നിർദ്ദേശമുണ്ട്. 2021-22 ൽ നടപ്പിലാക്കിയ താഴെ കൊടുത്തിട്ടുള്ള പ്രവൃത്തികളിൽ ഇപ്രകാരം 2% ജി.എസ്.റ്റി., റ്റി.ഡി.എസ്. ആയി ഈടാക്കിയിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | റ്റി.ഡി.എസ്. ആയി ഈടാക്കേണ്ടിയിരുന്ന ജി.എസ്.റ്റി (2%) (₹) |
|---|---|---|
| 1 | കോളേജ് വാർഡിൽ യു പി ശ്മശാനം റോഡ് കോൺക്രീറ്റിംഗ് – | 6,315/- |

| | | |
|---|---|---|
| | WC – RC/341978<br>കോൺട്രാക്ടർ – ഹാരിസ്, ഹാരിസ് മൻസിൽ, ഇടമുളയ്ക്കൽ<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക – ₹3,15,742/- | |
| 2 | ബംഗ്ലാംകുന്ന് വാർഡിലെ കൈതക്കുഴി റോഡ് കോൺക്രീറ്റിംഗ് –<br>WC – RC/340422<br>കോൺട്രാക്ടർ–നിസാറുദ്ദീൻ, കൈതാടിയിൽ കിഴക്കേക്കര പുത്തൻവീട്, അലയമൺ<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക – ₹2,81,200/- | 5,624/- |
| 3 | ചേറാട്ടുകുഴി വാർഡിൽ വിളയിടം കുഞ്ചുവല്ലിക്കോണം റോഡ് കോൺക്രീറ്റിംഗ്<br>WC – RC/340416<br>കോൺട്രാക്ടർ – നസീർ, ഷാജിമൻസിൽ, ചേറാട്ടുകുഴി<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക – ₹3,78,160/- | 7,563/- |
| 4 | കൈതോട് വാർഡിൽ തങ്കക്കല്ല് മീഞ്ഞാറ കാവ് റോഡ് കോൺക്രീറ്റിംഗ്<br>WC – RC/340272<br>കോൺട്രാക്ടർ – നിസാറുദ്ദീൻ, കൈതാടിയിൽ കിഴക്കേക്കര പുത്തൻവീട്, അലയമൺ<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക – ₹3,72,670/- | 7,453/- |
| 5 | വെള്ളാംപാറ വാർഡിൽ പുലിക്കുന്ന് വാഴപ്പണ റോഡ് കോൺക്രീറ്റിംഗ്<br>WC – RC/340413<br>കോൺട്രാക്ടർ – ഹാരിസ്, ഹാരിസ് മൻസിൽ, ഇടമുളയ്ക്കൽ<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക – ₹3,04,382/- | 6,088/- |
| 6 | വേയ്ക്കൽ വാർഡിൽ പുളിമൂട് തേവയിൽ റോഡ് കോൺക്രീറ്റിംഗ്<br>WC – RC/346632<br>കോൺട്രാക്ടർ – നിസാറുദ്ദീൻ, കൈതാടിയിൽ കിഴക്കേക്കര പുത്തൻവീട്, അലയമൺ<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക – ₹3,29,427/- | 6,589/- |

30.07.2019-ലെ 957/ഇ.ജി.എസ്.-സി/16/ആർ.ഇ.ജി.എസ് നമ്പർ സർക്കുലർ പ്രകാരം ജി.എസ്.റ്റി. കുറവ് ചെയ്യുന്നതിനുള്ള സൗകര്യം എം.ഐ.എസിൽ ലഭിക്കുന്നത് വരെ ജി.എസ്.റ്റി. തുക സപ്ലൈയർ ഗ്രാമപഞ്ചായത്തിൽ നേരിട്ടടക്കുമെന്നുറപ്പാക്കി ബിൽ സെറ്റിൽ ചെയ്യണമെന്നും അങ്ങനെ അടക്കുന്ന ജി.എസ്.റ്റി. തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജി.എസ്.റ്റി. വകുപ്പിൽ യഥാസമയം അടവാക്കണമെന്നും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്. സർക്കാരിന് ടാക്സ് ഇനത്തിൽ സംഭവിച്ച നഷ്ടം കരാറുകാരിൽ നിന്നും ഈടാക്കി ജി.എസ്.ടി. വകുപ്പിൽ ഒടുക്കുവരുത്തി മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 01/12.09.2023.

## 1-26 ഹരിതകർമ്മസേന - പ്രവർത്തന റിപ്പോർട്ട്

ആകെ വാർഡ് - 13

ആകെ വീടുകൾ - 3898

ആകെ സ്ഥാപനങ്ങൾ - 518

ഗ്രാമപഞ്ചായത്തിൽ 13 വാർഡുകളിലായി 26 ഹരിത കർമ്മസേന അംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വാർഡുകളിലെ എല്ലാ ഭവനങ്ങളിലും സ്ഥാപനങ്ങളിലും ഓരോ മാസവും വാതിൽപടി ശേഖരണം കലണ്ടർ പ്രകാരം നടത്തി അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നു. ശേഖരിക്കുന്ന മാലിന്യങ്ങൾ തരംതിരിച്ച് ബെയിൽ ചെയ്ത് സ്വകാര്യ കമ്പനിക്ക് കൈമാറുന്നു. ഹരിതകർമ്മസേന അംഗങ്ങൾക്ക് യൂണിഫോം, ഐ.ഡി. കാർഡ്, മറ്റ് സുരക്ഷ ഉപകരണങ്ങൾ എന്നിവ പഞ്ചായത്ത് ലഭ്യമാക്കിയിട്ടുണ്ട്. 2022-23 ൽ എല്ലാ വാർഡുകളിലും മിനി

എം.സി.എഫ്. സ്ഥാപിച്ചു. മിനി എം.സി.എഫിൽ നിന്നുള്ള മാലിന്യങ്ങൾ തരംതിരിക്കുന്നതിനും സംഭരിക്കുന്നതിനുമായി എം.സി.എഫ്. സ്ഥാപിച്ചിട്ടുണ്ട്. എം.സി.എഫിൽ ബെയിലിംഗ് യൂണിറ്റ്, വെയ്യിംഗ് മെഷീൻ, ഫയർ എക്സ്റ്റിംഗ്യൂഷർ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. തരംതിരിച്ച് ബെയിൽ ചെയ്ത് അജൈവ മാലിന്യം സ്വകാര്യ കമ്പനിക്ക് കൈമാറുന്നതിലൂടെ അധികവരുമാനം ഹരിതകർമ്മസേന അംഗങ്ങൾക്ക് ലഭിക്കുന്നു. നിലവിൽ ഹരിതമിത്രം ആപ്ലിക്കേഷൻ ഉപയോഗിച്ചാണ് ഹരിതകർമ്മസേന പ്രവർത്തിക്കുന്നത്.

വരുമാനം.

2021-22 വരെ ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിലൂടെ ശരാശരി ഒരു ലക്ഷത്തിൽ താഴെ മാത്രമാണ് ഒരു വർഷം വരുമാനം ഉണ്ടായിരുന്നത്. 2022-23 ൽ ഇത് 1,00,516/-രൂപയും, 2023-24 ൽ (ഓഗസ്റ്റ് വരെ) ഇത് 1,82,350/-രൂപയായും ഉയർന്നു.

ഓരോ മാസവും വരുമാനത്തിൽ വർധനവ് ഉണ്ട്. ശരാശരി 7,000/- രൂപ ഓരോ ഹരിതകർമ്മസേന അംഗത്തിനും മാസ വരുമാനമായി ലഭിക്കുന്നു.

ഹരിതകർമ്മസേന അംഗങ്ങൾ ഓരോമാസവും ബെയിൽ ചെയ്ത കൈമാറിയ അജൈവമാലിന്യത്തിന്റെ കണക്ക് ചുവടെ ചേർക്കുന്നു.

22/10/2022 - 1363 KG

21/01/2023 - 1565 KG

06/04/2023 - 1804 KG

26/05/2023 - 1174 KG

02/08/2023 - 1158.96 KG

എം.സി.എഫിൽ നിന്നും Legacy Waste ഇനത്തിൽ സ്വകാര്യ കമ്പനിക്ക് ഇനത്തിൽ കൈമാറിയ മാലിന്യത്തിന്റെ അളവ് ചുവടെ ചേർക്കുന്നു.

09/11/2022 - 1940 KG

24/02/2023 - 1030 KG

06/03/2023 - 1960 KG

21/03/2023 - 1900 KG

25/05/2023 - 3460 KG

21/07/2023 - 2930 KG

10/08/2023 - 2860 KG

ഹരിതകർമ്മസേന അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

1. 100% യൂസർ ഫീ കളക്ഷൻ കിട്ടുന്നില്ല.

2. ഓഫീസ് സൗകര്യമില്ല.

3. എം.സി.എഫിൽ സ്ഥല സൗകര്യം കുറവാണ്.

4. വീടുകളിൽ നിന്നും കടകളിൽ നിന്നും ഒന്നിലധികം ചാക്കിൽ മാലിന്യം ലഭിക്കുമ്പോൾ അതിനനുസരിച്ച് യൂസർഫീ ലഭിക്കുന്നില്ല.

5. കുപ്പിച്ചില്ല് പോലുള്ള ഭാരം കൂടിയ അജൈവ മാലിന്യങ്ങൾ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും എടുക്കുമ്പോൾ അത് മിനി എം.സി.എഫിൽ എത്തിക്കുന്നതിന് ട്രോളി ഇല്ലാത്തതിനാൽ ബുദ്ധിമുട്ട് നേരിടുന്നു.

6. തുടർച്ചയായ മാസങ്ങളിൽ യൂസർഫീ നൽകാൻ വിമുഖത കാണിക്കുന്നുണ്ട്. ഹരിതകർമ്മസേന അംഗങ്ങളോടുള്ള പൊതുജനങ്ങളുടെ പെരുമാറ്റത്തിൽ മുൻകാലങ്ങളെ അപേക്ഷിച്ച് പുരോഗതി ഉണ്ടെങ്കിലും കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്.

7. ഹരിതമിത്രം ആപ്ലിക്കേഷൻ വഴിയാണ് യൂസർഫീ കളക്ഷൻ നടക്കുന്നതെങ്കിലും പൊതുജനങ്ങൾ

ഇതിനോട് പൂർണ്ണമായും സഹകരിക്കുന്നതിൽ വിമുഖത കാണിക്കുന്നു.

8. പൊതുജനങ്ങൾക്ക് മാലിന്യ സംസ്കരണം സംബന്ധിച്ചും ഹരിതകർമ്മസേനയുടെ പ്രവർത്തനം സംബന്ധിച്ചും അവബോധ കുറവുണ്ട്.

നിർദ്ദേശങ്ങൾ

1. 100% യൂസർഫീ ലഭ്യമാക്കുന്നതിന് പഞ്ചായത്തിൽ നിന്നും നൽകുന്ന (തൊഴിലുറപ്പ് പദ്ധതി ഉൾപ്പെടെ) എല്ലാ സേവനങ്ങൾക്കും ഹരിതകർമ്മ സേനയുടെ രസീത് നിർബന്ധമാക്കുക (ഇപ്പോൾ ലൈസൻസിന് മാത്രമാണ്).
2. സർക്കാർ ഓഫീസുകൾ, ബാങ്കുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിന് ഹരിതകർമ്മസേന യൂസർഫീ രസീത് നിർബന്ധമാക്കുക.

3. പൊതുജനങ്ങളിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന തലത്തിലോ ജില്ലാ തലത്തിലോ പത്ര-മാധ്യമങ്ങൾ വഴിയും ദൃശ്യമാധ്യമങ്ങൾ വഴിയും സോഷ്യൽ മീഡിയ വഴിയും നിരന്തരമായ ബോധവൽക്കരണ പ്രചാരണം നടത്തുക.

4. എം.സി.എഫിന് ചുറ്റും സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുക.

സ്വീകരിച്ച നടപടികൾ

1. ഹരിതകർമ്മസേനയുടെ ബൈല പഞ്ചായത്ത് കമ്മിറ്റി പാസാക്കിയിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ നിന്നും നൽകുന്ന സേവനങ്ങൾക്ക് യൂസർഫീ നിർബന്ധമാക്കി. കൂടാതെ കുടുംബശ്രീ സേവനങ്ങൾക്കും യൂസർഫീ നിർബന്ധമാക്കി.

2. പഞ്ചായത്ത് തലത്തിൽ എം.സി.എഫും എല്ലാ വാർഡുകളിലും മിനി എം.സി.എഫുകളും സ്ഥാപിച്ചു.

3. ഹരിത കർമ്മ സേനയുടെ പ്രവർത്തനം സംബന്ധിച്ച് നോട്ടീസ് പ്രിന്റ് ചെയ്ത് എല്ലാ വീടുകളിലും,സ്ഥാപനങ്ങളിലും എത്തിച്ചിട്ടുണ്ട്.

4. 2022-23 ൽ ഹരിതകർമ്മസേനയ്ക്ക് അജൈവ മാലിന്യ ശേഖരണത്തിനായി വാഹനം വാങ്ങി നൽകി. കുടുംബശ്രീ വഴി ഹരിതകർമ്മസേനംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

5. ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി KELTRON-മായി ചേർന്ന് ഹരിതമിത്രം ആപ്ലിക്കേഷൻ നടപ്പിലാക്കി.

6. യൂസർഫീ നൽകാൻ കഴിയാത്ത അതിദരിദ്രരായ കുടുംബങ്ങൾക്ക് യൂസർഫീ നൽകുന്നതിനായി തനത് ഫണ്ട് വകയിരുത്തി പ്രോജക്റ്റ് അംഗീകാരം ലഭിച്ചു.

7. ഹരിതകർമ്മസേന അംഗങ്ങളുമായി സഹകരിക്കാത്തവർക്ക് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരുടെ നേതൃത്വത്തിൽ വീട് സന്ദർശനം നടത്തി ബോധവൽക്കരണം നൽകുന്നു. കൃത്യമായ ഇടവേളകളിൽ വ്യാപാരസ്ഥാപനങ്ങളിൽ പഞ്ചായത്ത് തല എൻഫോഴ്സ്മെന്റ് ടീം പരിശോധന നടത്തി പിഴ ഈടാക്കുന്നു. ഹരിതകർമ്മസേന അംഗങ്ങളോട് അപമര്യാദയായി പെരുമാറിയ ആൾക്കെതിരെ പോലീസിൽ പരാതി നൽകുകയും നടപടി സ്വീകരിക്കുകയും ചെയ്തു.

8. ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് മാസംതോറും അവലോകനയോഗം ചേർന്നു പരാതി പരിഹരിക്കുകയും നിലവിലെ പ്രവർത്തനം സംബന്ധിച്ച് പോരായ്മ ചർച്ച ചെയ്തു പരിഹരിക്കുകയും ചെയ്യുന്നു. കൂടാതെ യൂസർഫീ നൽകുന്നതിന് വിമുഖത കാണിക്കുന്നവരെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഇടപെട്ട് ബോധവൽക്കരണം നൽകി യൂസർഫീ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 16-09-2023 | കെ.എസ്.എ.കെ.എൽ.എം.പി3/1636/23 തീയതി 12/10/2023 |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രൊജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 450000/- | ലൈഫ് -എസ്സ്.സി-അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ട ഭൂരഹിത ഭവനരഹിതർക്ക് ഭൂമി വാങ്ങൽ (പ്രോജക്ട് നം. 131/23) | 450000/- | - |
| | | 400000/- | ലൈഫ് -എസ്സ്.സി (പ്രോജക്ട് നം. 132/23) | 400000/- | - |
| | | 225000/- | ലൈഫ്- വസ്തുവാങ്ങൽഎസ്സ്.സി. (പ്രോജക്ട് നം. 206/23) | 225000/- | |
| | | 600000/- | ലൈഫ് ഭവനപദ്ധതി -ജനറൽ (പ്രോജക്ട് നം. 161/23) | 600000/- | |
| | | 200000/- | ലൈഫ്-വസ്തുവാങ്ങൽ- ജനറൽ (പ്രോജക്ട് നം. 202/23) | 200000/- | |
| | | 150000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (പ്രോജക്ട് നം. 34/23) | 150000/- | - |
| | | 125470/- | അനുപൂരക പോഷകാഹാരം (പ്രോജക്ട് നം. 14/23) | 125470/- | - |
| | | 210657/- | പാലിന് സബ്സിഡി (പ്രോജക്ട് നം. 129/23) | 210657/- | - |
| ജില്ലാ പഞ്ചായത്ത് | 2022-23 | 173628/- | അനുപൂരക പോഷകാഹാരം (പ്രോജക്ട് നം. 14/23) | 173628/- | - |
| | | 139900/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (പ്രോജക്ട് നം. 34/23) | 139900/- | - |
| | | 171771/- | പാലിന് സബ്സിഡി (പ്രോജക്ട് നം. 129/23) | 171771/- | |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ

നൽകിയിട്ടുണ്ട്. പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| GWD | വെള്ളരി അംഗൻവാടിക്ക് കുഴൽക്കിണർ നിർമ്മാണവും അനുബന്ധസൗകര്യങ്ങളും 203/23 | 364/28.3.23 | 1,00,000/- | - | 1,00,000/- |
| GWD | നെട്ടയം അംഗൻവാടിക്ക് കുഴൽക്കിണർ നിർമ്മാണവും അനുബന്ധസൗകര്യങ്ങളും 209/23 | 365/28.3.23 | 1,11,000/- | - | 1,11,000/- |
| KSEB | പോസ്റ്റ് ഷിഫ്റ്റിംഗ് 135/23 | 762878/17.12.22<br>153627/13.2.23<br>153650/9.3.23 | 21,144/-<br>18,155/-<br>9,190/- | - | 21,144/-<br>18,155/-<br>9,190/- |
| KSEB | പോസ്റ്റ് ഷിഫ്റ്റിംഗ് 38/23 | 99819/4.4.22<br>320570/29.7.22<br>301083/20.7.22 | 51,485/-<br>12,193/-<br>9,662/- | - | 51,485/-<br>12,193/-<br>9,662/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 79,20,000/- രൂപ വരവുണ്ട്. മുൻബാക്കി 8,65,856/- രൂപയടക്കം 83,68,706/- രൂപയിൽ 54,46,000/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| LIFE | ലഭ്യമല്ല. | 79,20,000/- | 83,68,706/- | 25,29,325/- | | 1,37,59,381/- |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 7,34,631/-രൂപ |
| തൻവർഷം നിക്ഷേപിച്ച തുക | 51,424/-രൂപ |
| ആകെ | 7,86,055/-രൂപ |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 7,86,055/-രൂപ |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക (₹) | റിമാർക്ക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | SCB, നിലമേൽ | 5.5.2022 | 2022-23 | 7,86,055/- | - |
| ആകെ | | | | 7,86,055/- | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 6125/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (₹) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2018-19 | 1-21 | 4,055/- | ശ്രീ. ലിജു ജോൺ, കൃഷി ഓഫീസർ | 1220700710/30.8.22 |
| 2015-16 | 2-4 (Sl No-3,4)<br>3-8 (Sl No-2,4)<br>3-17 (Sl No-4,5) | 2,070/- | ശ്രീ. സിറാജുദ്ദീൻ, നൂറാമൻസിൽ, തട്ടത്തുമല<br>ശ്രീ. ജയകുമാർ, മാങ്കുഴിവീട്, നിലമേൽ<br>ശ്രീമതി. മിനി എം, പ്ലാവിളവീട്, കൈതോട്<br>ശ്രീമതി. പ്രശകുമാരി<br>ശ്രീ. കെ സുൽഫിക്കർ, അക്കൗണ്ടന്റ്<br>ശ്രീ. ഗിരീഷ് കുമാർ, UDC | 1220700665/24-8-22<br>1220700666/24-8-22 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2(1) | 2016-17 | അനുബന്ധം-3 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | |
| 2014-15 | 2(3) | 2016-17 | അനുബന്ധം-3 | വസ്തുനികുതി കുടിശ്ശിക കാലഹരണപ്പെട്ടു | |
| 2015-16 | 2(1) | 2016-17 | അനുബന്ധം-3 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | |
| 2014-15 | 3-6 | 2016-17 | 4-3-2(ii) | ക്യാരിബാഗ് നിർമ്മാണ പദ്ധതി | |
| 2008-09 | 3-6 | 2011-12 | 4.5 | ഖരമാലിന്യ സംസ്കരണ പ്ലാന്റ്-ആസൂത്രണത്തിൽ പിഴവ്. | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
|---|---|---|---|
| 1-21 | 79,294/- | - | ശ്രീമതി. രാജലക്ഷ്മി, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 51,485/-<br>21,855/-<br>48,489/- | ശ്രീ. ജി. പ്രഭാകരൻ പിള്ള, സെക്രട്ടറി (51,485/-)<br>ശ്രീ. ജെ. മധുസൂദനൻ ഉണ്ണിത്താൻ, സെക്രട്ടറി (21,855/-)<br>ശ്രീ. മുഹമ്മദ് റിസ, സെക്രട്ടറി (48,489/-) |
| 1-16 | 1,06,068/- | ശ്രീ. ശശി. കെ, മെഡിക്കൽ ഓഫീസർ |
| 1-17 | 1,25,455/- | ശ്രീ. ജി. പ്രഭാകരൻ പിള്ള, സെക്രട്ടറി |
| 1-23 | 2,11,000/- | ശ്രീ.മുഹമ്മദ് റിസ,സെക്രട്ടറി |
| ആകെ | 5,54,352/- | |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ജി. പ്രഭാകരൻ പിള്ള, സെക്രട്ടറി | വിരമിച്ചു | വൈശാഖം, അർക്കന്നൂർ പി. ഒ, ആയൂർ |
| ശ്രീ. ജെ. മധുസൂദനൻ ഉണ്ണിത്താൻ, സെക്രട്ടറി | സെക്രട്ടറി, ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത്, ഇടുക്കി | രമ സദനം, എഴിയം, അഞ്ചൽ |
| ശ്രീ. മുഹമ്മദ് റിസ, സെക്രട്ടറി | സെക്രട്ടറി നിലമേൽ ഗ്രാമ പഞ്ചായത്ത് | കൊപ്പത്തിൽ വീട് വേയ്ക്കൽ, കൈതോട്, നിലമേൽ |
| ശ്രീമതി. രാജലക്ഷ്മി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, നിലമേൽ ഗ്രാമപഞ്ചായത്ത് | സി.കെ. ഭവൻ, കൊറ്റങ്കര, ചന്ദനത്തോപ്പ്. പി. ഒ. |
| ശ്രീമതി. രാജിഷ യു ആർ വി ഇ ഒ | വി ഇ ഒ നിലമേൽ ഗ്രാമപഞ്ചായത്ത് | രാജേഷ് ഭവൻ, പനയ്ക്കോട് |
| ശ്രീ. ശശി. കെ മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ സി എച്ച് സി നിലമേൽ | സ്റ്റാർ ഹൗസ്, പാരിപ്പള്ളി പി. ഒ, കൊല്ലം. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ.കെ.എൽ.എം.-പി 3-420/(2)/18, 26-02-18 | 2 |
| 1999-2000 | കെ.എസ്.എ.കെ.എൽ.എം.-പി 3-420/(3)/18, 26-02-18 | 6 |
| 2001-02 | കെ.എസ്.എ.കെ.എൽ.എം.-പി 3-420/18(4), 26-02-18 | 7 |

| | | |
|---|---|---|
| 2002-03 | കെ.എസ്.എ.കെ.എൽ.എം.-പി 3-420/18(5), 26-02-18 | 2 |
| 2003-04 | കെ.എസ്.എ.കെ.എൽ.എം.-പി 3-420/18(6), 26-02-18 | 4 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം.-പി 3-420/18(7), 26-02-18 | 8 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം.-പി 3-420/18(8),26-02-18 | 19 |
| 2006-07 | എൽ.എഫ്.ക്യൂ.പി6-1278(12)/14, 17-06-2014 | 12 |
| 2007-08 | എൽ.എഫ്.ക്യൂ.പി6-1278(13)/14, 17-06-2014 | 18 |
| 2008-09 | കെ.എസ്.എ.കെ.എൽ.എം.-പി 3-1591/17,25-01-18 | 4 |
| 2009-10 | കെ.എസ്.എ.കെ.എൽ.എം.-പി 6-965(4)/2015,12-10-2015 | 8 |
| 2010-11 & 2011-12 | കെ എസ് എ കെ എൽ എം പി3/അദാലത്ത് 10-11,11-12/714/22, 25-08-22 | 6 |
| 2012-13 2013-14 | കെ എസ് എ കെ എൽ എം പി3/അദാലത്ത് 12-13,13-14/714/22, 25-08-22 | 14 |
| 2014-15 | കെ എസ് എ കെ എൽ എം പി3/അദാലത്ത് 14-15/714/22, 25-08-22 | 8 |
| 2015-16 | കെ എസ് എ കെ എൽ എം പി3/അദാലത്ത് 15-16/714/22, 25-08-22 | 11 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.-പി3-1005/21, 18-04-22 | 09 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി-3/395/21, 03.04.21 | 05 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി-3/1544/19, 29.12.20 | 21 |
| 2019-20 | കെ.എസ്.എ.കെ.എൽ.എം.പി-3/1773/21, 12.04.22 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ.കെ.എൽ.എം.പി-3/1774/21, 18.07.22 | എല്ലാ ഖണ്ഡികകളും |
| 2021-22 | കെ.എസ്.എ.കെ.എൽ.എം.പി-3/2081/22, 22.03.23 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 07-07-2023 and submitted on 19-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Nilamel Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Nilamel Grama Panchayat for the year 2022-2023

Date: 31/10/2023

Deputy Director
District Office Kollam
Kerala State Audit Department

## Audit Report appended to the Audit Certificate of Nilamel Grama Panchayat for the Year 2022-2023.

**1.Major Observations**

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted for audit :-

   Comments relating to Notes to account.
   Comments relating to Ratios.

2. Amount not paid from treasury has not been excluded from web saankhya ACR.

3. Recnciliation Statement not Prepared.

4. Demand Register does not match with Financial statements.

5. Deposit Register not maintained properly.

6. Advance to implementing agencies (KSAB) not included in AFS.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ നിലമേൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്